പുരാവസ്തു ഗവേഷണവകുപ്പ്

* 205. [732] ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു ഗവേഷണവകുപ്പിന്റെ കീഴിൽ എത്തെല്ലാം സ്ഥലങ്ങളിൽ ഉൽഖനനം നടത്തിയിട്ടുണ്ട്;

(ബി) കേന്ദ്രപുരാവസ്തു ഗവേഷണവകുപ്പിന്റെ സഹായത്തോടെ ഇപ്പോഴും ഏതെങ്കിലും സ്ഥലത്ത് ഉൽഖനനം നടത്തിവരുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ഉൽഖനനത്തിൽനിന്നു ലഭിക്കുന്ന മാതൃകകളും ഫോട്ടോഗ്രാഫുകളും കേരളത്തിലെ മ്യൂസിയങ്ങളിൽ സൂക്ഷിക്കുവാൻ ഏർപ്പാടു ചെയ്യുമോ?

ഗതാഗതവും ആരോഗ്യവും മന്ത്രി (ശ്രീ. കെ. എം. ജോർജ്):

(എ) ചേരമാൻ പറമ്പ് മതിലകം, കാരൂർപ്പടന്ന, തിരുകുലശേഖരപുരം മുതലായ സ്ഥലങ്ങളിൽ പരീക്ഷണ ഉൽഖനനം നടത്തിയിട്ടുണ്ട്.

(ബി) കേന്ദ്രപുരാവസ്തു ഗവേഷണവകുപ്പ് സംസ്ഥാന പുരാവസ്തുഗവേഷണ വകുപ്പിന്റെ സഹായത്തോടുകൂടി കാരൂർപടന്ന, ഇപ്പോഴും പരീക്ഷണ ഉൽഖനനങ്ങൾ നടത്തുന്നുണ്ട്.

(സി) ഉൽഖനനത്തിനുശേഷം കിട്ടുന്ന അവശിഷ്ടങ്ങൾ പഠനത്തിനു വിധേയമാക്കുകയും തൽഫലമായി അവ മ്യൂസിയങ്ങളിൽ പ്രദർശിപ്പിക്കുന്നതിന് അനുയോജ്യമെന്നു തെളിഞ്ഞാൽ കേരളത്തിലെ മ്യൂസിയങ്ങളിൽ സൂക്ഷിക്കുവാൻ ഏർപ്പാടുചെയ്യുകയും ചെയ്യാവുന്നതാണ്.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: മതിലകം, കാരൂർപ്പടന്ന തുടങ്ങിയ സ്ഥലങ്ങളിൽ ഉൽഖനനം നടത്തിയതിന്റെ ഫലമായി മഹാക്ഷേത്രങ്ങളുടെ വിസ്താരമേറിയ അവശിഷ്ടങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. രാജരാജചോളന്റെ നാണയം കണ്ടെടുത്തു. നമ്മുടെ ചരിത്രത്തെക്കുറിച്ചുള്ള വസ്തുതകൾ ലഭിക്കുമെന്നുള്ളതുകൊണ്ട് അവിടെയെല്ലാം വിപുലമായ തോതിൽ ഉൽഖനനം നടത്തേണ്ടതാണ്. അതിന് നമ്മുടെ പുരാവസ്തുഗവേഷണവകുപ്പ് വേണ്ടത്ര സജ്ജമല്ലാത്തതുകൊണ്ട് കേന്ദ്ര പുരാവസ്തു വകുപ്പിലെ വിദഗ്ദ്ധൻമാരെ നമ്മുടെ ആർക്കിയോളജിക്കൽ വകുപ്പിലേയ്ക്കു അയച്ചുതരുന്നതിന് സംസ്ഥാനഗവൺമെന്റു നിർദ്ദേശം വയക്കുമോ?

ശ്രീ. കെ. എം. ജോർജ്: കേന്ദ്ര ആർക്കിയോളജിക്കൽ വകുപ്പിന്റെ സഹായത്തോടുകൂടിയാണ് ഈ കാര്യങ്ങളെല്ലാം നടക്കുന്നത്. നമ്മുടെ ആർക്കിയോളജിക്കൽ ഡിപ്പാർട്ടുമെന്റ് വിപുലമായി സജ്ജീകരിക്കപ്പെട്ടതല്ല.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: എട്ടു പത്തു മാസക്കാലംകൊണ്ടേ ഈ ഗവേഷണം പൂർത്തിയാകുകയുള്ളു. അത്രയും കാലത്തേയ്ക്ക് കേന്ദ്ര പുരാവസ്തു ഗവേഷണ വകുപ്പിന്റെ സഹായം ലഭ്യമാകുമോ? കേന്ദ്ര ആർക്കിയോളജിക്കൽ വകുപ്പിന്റെ സേവനം കോൺട്രാക്ട് അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിന് വേണ്ടതു ചെയ്യുമോ?

ശ്രീ. കെ. എം. ജോർജ്: സർ, അതിനു വേണ്ടി എന്തൊക്കെ ചെയ്യണമോ അതൊക്കെ ഈ ഗവൺമെന്റ് ചെയ്യുന്നതാണ്.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: സർ, ഇപ്പോഴും ഗവേഷണം നടത്തുന്നത് പെരിയാറിന്റെ തെക്കേതീരത്തും കൊടുങ്ങല്ലൂരുമൊക്കെയാണ്, ചേന്നമംഗലം മുതൽ പറവൂർവരെയുള്ള സ്ഥലങ്ങളിൽ സിക്കുകാരുടെയും മുസ്ലീംസിന്റെയും പൗരാണിക തുറമുഖങ്ങൾ ഉണ്ടായിരുന്നുയെന്നൊരു കേൾവിയുണ്ട്. ആ ഭാഗത്തുകൂടി ഗവേഷണം നടത്തുന്നതിന് വേണ്ട ഏർപ്പാടു ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. ജോർജ്ജ്: എല്ലാ കാര്യങ്ങളും പരിഗണനയിൽവച്ചു കൊണ്ട് വേണ്ടതു ചെയ്യാം.

[ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള: നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ കീഴിൽ ആർക്കിയോളജിക്കൽ ഡിപ്പാർട്ടുമെന്റിൽ വളരെയേറെ വൈദഗ്ദ്ധ്യം ആവശ്യമുള്ള ഈ ഉത്ഖനനം നടത്തുന്നതിന് കഴിവുള്ള ആളുകൾ ഉൾക്കൊള്ളുന്നില്ലെന്നുള്ള സത്യം ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കി അതിനെ പുനഃസംഘടിപ്പിക്കുന്നതിനും കേരളത്തിലെ വിവിധസ്ഥലങ്ങളിൽ കൊടുങ്ങല്ലൂരിന്റെ ഭാഗങ്ങളിലും ഉത്ഖനനം ചെയ്യുന്നതിന് പറ്റിയ സ്ഥലം കണ്ടു പിടിക്കുന്നതിന്, ആവശ്യമായ നടപടി സ്വീകരിക്കുമോ?

[ശ്രീ. കെ. എം. ജോർജ്: നമ്മുടെ ആർക്കിയോളജിക്കൽ ഡിപ്പാർട്ടുമെന്റ് സ്വാഭാവികമായും വിപുലമായ സജ്ജീകരണങ്ങളൊന്നും ഉള്ളതല്ല. കേന്ദ്ര ആർക്കിയോളജിക്കൽ ഡിപ്പാർട്ടുമെന്റിന്റെ കൂടുതൽ ആവശ്യം വരുകയാണെങ്കിൽ അവരുടെ സഹായത്തോടുകൂടി വേണ്ടതു ചെയ്യുക എന്നുള്ളതാണ് നയം. ഈ കാര്യത്തിൽ വൈദഗ്ദ്ധ്യമുള്ളവരെ കിട്ടാനും ഇല്ല. അങ്ങനെയുള്ള സന്ദർഭത്തിൽ കിട്ടുന്നവരെ നിയമിക്കുകയാണ്.

[ശ്രീ. ജോസഫ് ചാഴിക്കാട്ട്: കടുത്തുരുത്തി ഒരുകാലത്ത് എല്ലാ രാജ്യങ്ങളിൽനിന്നും കപ്പലുകൾ വന്നടുക്കുന്ന ഒരു തുറമുഖമായിരുന്നുവെന്ന് ചരിത്രത്തിലുണ്ട്. കടുത്തുരുത്തി അങ്ങനെയുള്ള ഒരു തുറമുഖമായിരുന്നോയെന്ന് ഈ ഗവേഷണക്കാരെവിട്ട് ഒന്ന് അന്വേഷിപ്പിക്കാമോ?

[ശ്രീ. കെ. എം. ജോർജ്: ഈ പറയുന്ന സ്ഥലങ്ങളിൽ ഗവേഷണമെല്ലാംകഴിയുമ്പോൾ അതിനെപ്പറ്റി അന്വേഷിക്കാം.

[ശ്രീ. ജോസഫ് ചാഴിക്കാട്ട്: ഇതെല്ലാം കഴിഞ്ഞിട്ടേ അങ്ങോട്ടു വരുകയുള്ളോ?

[ശ്രീ. കെ. എം. ജോർജ്: അതെ.

[ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: ഇപ്പോൾ കൊടുങ്ങല്ലൂർ നടന്നുകൊണ്ടിരിക്കുന്ന ഗവേഷണം നടത്തുന്നത് ആരൊക്കെകൂടിചേർന്നാണ്? കേന്ദ്രഗവൺമെന്റിന്റെ പുരാവസ്തുഗവേഷണസംഘം ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണോ, അതോ സ്റ്റേറ്റ് ഗവൺമെന്റിന്റെ പുരാവസ്തുഗവേഷണ വകുപ്പാണോ?

[ശ്രീ. കെ. എം. ജോർജ്: സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടുകൂടി കേന്ദ്ര ആർക്കിയാളജി വകുപ്പിൽനിന്ന് നടത്തുന്ന ഗവേഷണത്തെക്കുറിച്ചാണ് കരൂപ്പടന്ന, മതിലകം മുതലായ സ്ഥലങ്ങളിൽ ഉത്ഖനനം നടത്തുന്നുവെന്നു പറഞ്ഞത്.

[ശ്രീ. ഇ. കെ. ഇമ്പിച്ചിബാവ: രണ്ടുകൂട്ടരുടെയും ഈ സംയുക്ത ഗവേഷണത്തിന്റെ പ്രാഥമിക റിപ്പോർട്ടു ലഭിച്ചിട്ടുണ്ടോ?

[ശ്രീ. കെ. എം. ജോർജ്: ഇല്ല.

[ശ്രീ. പി. ഗംഗാധരൻ: കരൂപ്പടന്ന, ചേരമാൻപറമ്പ് മുതലായ സ്ഥലങ്ങളിൽ ഗവേഷണം നടത്തുന്നുവെന്നാണ് പറഞ്ഞത്. എന്നാൽ അവിടെ മണ്ണു കുഴിച്ചു മാറ്റുകയും സ്തൂപങ്ങൾ കെട്ടിവച്ചിരിക്കുകയും ചെയ്തിട്ടുണ്ടെന്നല്ലാതെ ഖനനംകൊണ്ടോ ഗവേഷണംകൊണ്ടോ എന്തെങ്കിലും പ്രയോജനമുണ്ടായിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. ജോർജ്: ഒരാൾക്ക് 'മണ്ണു കുഴിക്കുന്നു' വെന്നു തോന്നുന്നത് വേറൊരാൾക്ക്, അത് ഭൂതകരമായ ഫലങ്ങളും ഉണ്ടാക്കുന്ന ഗവേഷണമായിട്ടായിരിക്കും അനുഭവപ്പെടുക, നമ്മേപ്പോലുള്ള സാധാരണക്കാർക്ക് അതിന്റെ ഫലത്തെപ്പറ്റി ഉടനെ മനസ്സിലാക്കാൻ കഴിയുകയില്ല.

ശ്രീ. പി. ഗംഗാധരൻ: ചപ്പോർകഥ പറഞ്ഞിട്ടു കാര്യമില്ല. പത്തിരുപത്തഞ്ചു കൊല്ലമായി ഗവേഷകൻമാർ ഗവേഷണം നടത്തിയിട്ട് എന്തെങ്കിലും പ്രയോജനമുണ്ടായോ? എത്ര നിസ്സാരമായ കാര്യമാണെങ്കിലും വിലയില്ലാത്തതായി കണക്കാക്കുകയില്ല, അതിന്റെ വില മനസ്സിലാക്കാൻ തയ്യാറാണെന്നു ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണമെന്നു പറഞ്ഞുകൊണ്ട് ചോദിക്കുകയാണ്, എന്തെങ്കിലും പ്രയോജനമുണ്ടായിട്ടുണ്ടോ?

ശ്രീ. കെ. എം. ജോർജ്: ഇതുവരെയുള്ള ഗവേഷണത്തിൽനിന്നും കിട്ടിയിരിക്കുന്നഅറിവ്, വളരെ പ്രയോജനകരമായ കാര്യങ്ങളും കണ്ടുപിടിച്ചിട്ടുണ്ടെന്നും ഇനിയും കണ്ടുപിടിക്കാൻ സാധിക്കുമെന്നുമാണ്. ഞാൻ പറഞ്ഞതിനു വേറെ അർത്ഥമൊന്നുമില്ല, നമുക്കു മനസ്സിലാക്കാൻ കഴിയുന്നതിനെക്കാളും കൂടുതൽ കൂടുതൽ ചരിത്രവസ്തുതകളും വെളിപ്പെട്ടിട്ടുണ്ട്, അതിന്റെ അടിസ്ഥാനത്തിലാണ് പറഞ്ഞത്.

ശ്രീ. പി. കെ. ഗോപാലകൃഷ്ണൻ: ഇതുവരെ നടത്തിയിട്ടുള്ള ഉൽഖനനങ്ങളുടെ ഫലമായി വളരെ വിശാലമായ ക്ഷേത്രത്തിന്റെയും കോവിലകങ്ങളുടെയും അസ്തിവാരങ്ങളും കാണാൻകഴിഞ്ഞിട്ടുണ്ട്. രാജരാജ ചോളന്റെ കാലത്തുള്ള നാണയങ്ങളും കണ്ടെടുക്കാൻകഴിഞ്ഞിട്ടുണ്ട. ഇതെല്ലാം കാണുന്നതിനുവേണ്ടി, ഇതിൽ താൽപര്യമുള്ള നിയമസഭാ മെമ്പർമാർക്ക് ആസ്ഥലം സന്ദർശിക്കുന്നതിനുവേണ്ട ഏർപ്പാടുകളും ചെയ്യാൻ തയ്യാറാകുമോ?

ശ്രീ. കെ. എം. ജോർജ്: താൽപര്യമുണ്ടെങ്കിൽ, ഉള്ള സമയത്ത്, അതിനെപ്പറ്റി ആലോചിക്കുന്നതിന് ഗവൺമെന്റിനു വൈമുഖ്യമില്ല.

മൈനർപോർട്ടുകളുടെ വികസനം

* 206. [733] ശ്രീ പി. കുഞ്ഞൻ:
,, സി. കെ. ബാലകൃഷ്ണൻ:
,, എൻ. വാസുദേവൻപിള്ള:
,, പി. കെ. കുഞ്ഞച്ചൻ:
,, എ. പി. കുര്യൻ:
,, വി. വി. കുഞ്ഞാമ്പു:
,, പി. ഗംഗാധരൻ:
,, വി. കൃഷ്ണദാസ്:
,, ആർ. കൃഷ്ണൻ (ആലത്തൂർ):
,, വി. എസ്. അച്യുതാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതത്തിലെ മൈനർപോർട്ടുകളുടെ വികസനപരിപാടി അനുസരിച്ച് ഓരോ സ്റ്റേറ്റിലും ഓരോ പോർട്ടു വികസിപ്പിക്കുമെന്ന് കേന്ദ്രം അഭിപ്രായപ്പെട്ടിട്ടുണ്ടോ?

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ബേപ്പൂർ പോർട്ട് വികസിപ്പിക്കാൻ നടപടി എടുത്തിരുന്നുവെന്നറിയുന്നത് ശരിയാണോ;

(സി) ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റ് എന്തെങ്കിലും നടപടികളും എടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly